പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3205

07.02.2018-ൽ മറുപടിക്ക്

## ഓഖി ദുരന്തം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി. ജെ. മേഴ്‌സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഉണ്ടായ ഓഖിദുരന്തത്തിൽ എത്രപേർ മരണമടഞ്ഞു, എത്രപേർക്ക് അംഗ വൈകല്യം സംഭവിച്ച, എത്രപേരുടെ മൃതശരീരം കണ്ടെത്തിയിട്ടുണ്ട്, ഇനി എത്ര പേരുടെ മൃതശരീരം ലഭിക്കാനുണ്ട് എന്നിവ സംബന്ധിച്ച കണക്കുകൾ മത്സ്യബന്ധന വകുപ്പിലുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉണ്ടായ ഓഖി ദുരന്തത്തിൽ 03.02.2018 ലെ കണക്കനുസരിച്ച് 51 പേർ മരണമടഞ്ഞു. ആർക്കും തന്നെ അംഗവൈകല്യം സംഭവിച്ചിട്ടില്ല. 51 പേരുടെ മൃതശരീരം കണ്ടെത്തിയിട്ടു ണ്ട്. അതിൽ 49 പേർ തിരുവനന്തപുരം ജില്ലയിൽ നിന്നും കടലിൽപോയി മരണമടഞ്ഞവരും ഒരാൾ കാസർഗോഡ് ജില്ലയിൽ നിന്നും കടലിൽവെച്ച് മരണമടഞ്ഞതുമാണ്. കൂടാതെ, കണ്ണൂർ ജില്ലയിലെ മാപ്പിളബേ ഹാർബറിലെ ഹൈമാസ്റ്റ് ലൈറ്റ് കാറ്റിൽ തകർന്ന് വീണ് ഒരു മത്സ്യത്തൊഴിലാളിയും മരിച്ചു. നാളിതുവരെ 103 പേരെ കാണാതാവുകയും ചെയ്തു. |
| (ബി) | നാശനഷ്ടം സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാണോ; ഒരോ മത്സ്യത്തൊഴിലാളിക്കും ഉണ്ടായ നാശനഷ്ടം എത്ര; ഇത് കണക്കാക്കിയത് എന്ത് മാനദണ്ഡം അനുസരിച്ചാണെന്ന വ്യക്തമാക്കുമോ; | (ബി) | ഓഖി ദുരന്തത്തിൽ 221 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും 384 ബോട്ടുകൾക്കും 446 വ ലകൾക്കും നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യ ബന്ധന യൂണിറ്റുകൾക്ക് ആകെ 9.4 കോടി രൂപ യുടെ നാശനഷ്ടം സംഭവിച്ചിട്ടു ണ്ട്. മത്സ്യബന്ധന യൂണിറ്റുകൾ നഷ്ടപ്പെട്ടവർക്ക് അവ പുന:സ്ഥാപിച്ച് നൽകുമെന്ന് സർക്കാർ പ്രഖ്യാപി ച്ചിട്ടു ണ്ട്. അതിന്റെ ആദ്യ പടിയായി പൂർണ്ണ മായും നഷ്ടപ്പെട്ട 80 മത്സ്യബന്ധന യൂണിറ്റുകൾ പു നഃസ്ഥാപിച്ച് നൽകുന്നതിന് 9.88 കോടി രൂപ സർക്കാർ അനുവദിച്ചിട്ടു ണ്ട്. അത് ഉടൻ നടപ്പിലാക്കു ന്നതാണ്. മത്സ്യത്തൊഴിലാളികൾക്കു ണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് ഫിഷറീസ്, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് കണ്ട് ബോധ്യ പ്പെട്ടാണ് നഷ്ടപ്പെട്ട ഉപകരണങ്ങളുടെ നിലവിലെ മാർക്കറ്റ് വിലയ്ക്കനുസരിച്ച് നഷ്ടം കണക്കാക്കിയിട്ടു ള്ളത്. |
| (സി) | ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും അംഗ വൈകല്യം സംഭവിച്ചവർക്കും എന്തെങ്കിലും സഹായം നാളിതുവരെ നൽകിയിട്ടുണ്ടോ; പ്രഖ്യാപിച്ച സഹായങ്ങൾ എന്തെല്ലാം; | (സി) | ആർക്കും തന്നെ അംഗവൈകല്യം സംഭവിച്ചിട്ടില്ല. ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, മത്സ്യത്തൊഴിലാളി ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകു പ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ അനുവദിച്ചു. നാളിതുവരെ |

49 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ഉടൻ നൽകുന്നതാണ്.

ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിക്കുന്നതാണ്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5000/- രൂപ വീതം അനുവദിച്ചു നൽകി. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2000/- രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വഴി നൽകിയിട്ടുണ്ട്.

മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടു ണ്ട്.

തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീ ണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തി യിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ടതെന്നും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക്(ആശ്രിതർക്ക്) മുൻഗണന നൽകേണ്ട താണെന്നും തീരുമാനിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതിയും കൂടുതൽ സുരക്ഷയുള്ള യാനങ്ങൾ നൽകുന്നതിനുള്ള

| | | | |
|---|---|---|---|
| | | | പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പദ്ധതിയ്ക്കായി 7340 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | മരിച്ചവരുടെയും കാണാനില്ലാത്തവരുടെയും അംഗവൈകല്യം സംഭവിച്ചവരുടെയും മുഴുവൻ വിവരങ്ങളും പ്രഖ്യാപിച്ച സഹായങ്ങൾ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് ഇറക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) & (ഇ) | പരിശോധിക്കുന്നതാണ്. |
| (ഇ) | ദുരന്തത്തിന് ഇരയായ ഓരോ വ്യക്തികളുടെയും കുടുംബത്തിന് ഇത്തരത്തിലുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ | | |

സെക്ഷൻ ഓഫീസർ